LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 11, തിങ്കൾ

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 38

നിയമസഭ 2003 ആഗസ്റ്റ് മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യംനമ്പർ 901.

അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള പദ്ധതികൾ

*1 [901] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. പി. ജയരാജൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) അവശതയനുഭവിക്കുന്ന അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(സി) മുൻവർഷം പദ്ധതിക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായോ; ഈ വർഷം മതിയായ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) കുഞ്ഞുങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള അംഗൻവാടികളുടെ പ്രവർത്തനം നടത്തുന്നത് ആരോഗ്യകരമായ ചുറ്റുപാടുകളിലാണോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്.

(ബി) അവശതയനുഭവിക്കുന്ന അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമം ലക്ഷ്യമാക്കി താഴെപ്പറയുന്ന പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കുന്നുണ്ട്:

(i) സംയോജിത ശിശുവികസന പദ്ധതി.

(ii) പ്രധാനമന്ത്രിയുടെ ഗ്രാമോദയയോജന പദ്ധതിയുടെ കീഴിലുള്ള ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി.

(iii) ബാലികാ സമൃദ്ധി യോജന.

(iv) സംയോജിത വനിതാ ശാക്തീകരണ പദ്ധതി.

(v) നാഷണൽ ന്യൂട്രീഷ്യൻ മിഷൻ പദ്ധതി.

(vi) മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്ക് വേണ്ടിയുള്ള സഹായം.

(vii) സ്ത്രീകൾക്കുവേണ്ടി 12 മഹിളാ മന്ദിരങ്ങൾ ഉൾപ്പെടെ വിവിധ ക്ഷേമ സ്ഥാപനങ്ങൾ.

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കായി 2002-03 വർഷത്തിൽ നൂറ്റിമുപ്പത്തിരണ്ട് കോടി പതിനേഴു ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും നൂറ്റി പതിനെട്ടുകോടി എഴുപത്തി ആറുലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി പ്ലാൻ ശീർഷകത്തിൽ അറുപത്തിയൊന്നുകോടി പത്തുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ വേണ്ടി വരുന്ന തുക ഉപധനാഭ്യർത്ഥന മുഖാന്തിരമോ അഡീഷണൽ ആതറൈസേഷൻ വഴിയോ കണ്ടെത്താവുന്നതാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യപരമായ ചുറ്റുപാടുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോയി കയ്യും കാലും തല്ലിയൊടിച്ചും കണ്ണ് കുത്തിപ്പൊട്ടിച്ചും നാവ് മുറിച്ചുകളഞ്ഞും അംഗവൈകല്യമുള്ളവരാക്കി മാറ്റി യാചകവൃത്തിക്ക് അയച്ച് വരുമാനമുണ്ടാക്കുന്ന മാഫിയാ സംഘങ്ങൾ വളരുകയാണ്. കളിച്ചുല്ലസിച്ച്, പഠിച്ച് രസിക്കേണ്ട ആ കുട്ടികൾക്ക് ബാല്യവും കൗമാരവും നിഷേധിക്കപ്പെടുകയാണ്. ഭാവിയിൽ ഏറ്റവും വലിയ സാമൂഹ്യദ്രോഹികളായി മാറാൻ എല്ലാ സാദ്ധ്യതകളുമുള്ള നിഷ്കളങ്കരായ ഈ കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ; ഇവരെ ദുരുപയോഗം ചെയ്യുന്ന മാഫിയാ സംഘങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുട്ടികളുടെ സംരക്ഷണത്തിനുവേണ്ട വിവിധ പരിപാടികൾ നമുക്കുണ്ട്. ഇത്തരത്തിലുള്ള ക്രിമിനൽ കുറ്റങ്ങളെ ഗവൺമെന്റ് ഗൗരവമായി കാണുകയും അത് തടയുന്നതിനു നടപടിയെടുക്കുകയും ചെയ്യുന്നതാണെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: വിധവകളായ സ്ത്രീകളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കോടിക്കണക്കിന് ടൺ ഭക്ഷ്യധാന്യങ്ങൾ ധാന്യപ്പുരകളിൽ കെട്ടിക്കിടക്കുകയാണ്. ഒരുപാട് പഴക്കംചെന്ന അരി എലി തിന്നും പുഴു തിന്നും നശിച്ചുപോവുകയാണ്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സബ്സിഡികൾ വെട്ടിക്കുറച്ചതിന്റെ ഭാഗമായി റേഷൻ കടകളിൽക്കൂടി വിൽക്കുന്ന അരി വാങ്ങാൻ കഴിവില്ലാത്ത ജനങ്ങളാണ് നമ്മുടെ നാട്ടിലുള്ളത്. ഇവിടെ പട്ടിണി മരണവും ദാരിദ്ര്യവും വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ വിധവകളായ സ്ത്രീകളെക്കൂടി അന്ത്യോദയ കാർഡിൽ ഉൾപ്പെടുത്തി അവരെ സഹായിക്കണമെന്നുള്ള സുപ്രീംകോടതിയുടെ ഒരു വിധി കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത്തരത്തിൽ സാമൂഹ്യക്ഷേമപരമായ വിധികളിൽ സംസ്ഥാനത്തിന് റലവന്റായതൊക്കെ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുപോലെ ഈ പറഞ്ഞ വെയ്സ്റ്റായിപ്പോകുന്ന ധാന്യങ്ങൾ പ്രയോജനപ്പെടുത്തുക തുടങ്ങിയതൊക്കെ പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനും ഗവൺമെന്റിന് യാതൊരു വിരോധവുമില്ല.

ശ്രീ. പി. ജയരാജൻ: സർ, (ബി) ചോദ്യത്തിനുള്ള മറുപടിയിൽ ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി കേരളത്തിൽ നടപ്പാക്കി വരുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. എവിടേയും പാൽ കൊടുക്കുന്നില്ല. ഷേക്ക്ഹാന്റ് മാത്രമാണ് ഇപ്പോഴുള്ളത്. മാത്രമല്ല അംഗൻവാടികളിൽ ഗർഭിണികൾക്കും കുട്ടികൾക്കും നൽകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ ഇപ്പോൾ വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഷേക്ക് ഹാന്റ് മാത്രം നൽകുന്ന ഈ ഏർപ്പാട് അവസാനിപ്പിച്ചുകൊണ്ട് പാൽ കൊടുക്കാനും ഗർഭിണികൾക്കും കുട്ടികൾക്കും നേരത്തെയുള്ള അളവിൽത്തന്നെ ഭക്ഷ്യധാന്യങ്ങൾ കൊടുക്കാനും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെ പറയുന്നത് ശരിയല്ല. ഇടക്കാലത്ത് മിൽമയ്ക്ക് കൊടുക്കാനുള്ള പണം കൊടുക്കാൻ താമസിച്ചു. അതുപോലെ അവരുടെ വിതരണത്തിൽ ചില പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നത് ഇപ്പോൾ മാറി. ഇനി മൂന്നു കോടിയോ മറ്റോ മാത്രമെ കൊടുക്കാനുള്ളൂ. ബാക്കി പണം കൊടുത്തുകഴിഞ്ഞു. ഇപ്പോൾ അത് വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഈ പദ്ധതിപ്രകാരം പാൽതന്നെ എല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്പോൾ വളരെ എഫിഷ്യന്റായി ഈ പദ്ധതി നടക്കാൻ തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: നമ്മുടെ സംസ്ഥാനത്ത് വലിയൊരു സാമൂഹ്യ പ്രശ്നമായി മാറിയിട്ടുള്ളത് പതിനെട്ട് വയസ്സാകുന്നതിനുമുമ്പ് തന്നെ വിവാഹം കഴിക്കുക എന്നുള്ള ഒരു ഏർപ്പാടാണ്. ഈ രാജ്യത്ത് നിയമമുണ്ട്. The Child Marriage Restraints Act അനുസരിച്ച് അത് ശിക്ഷാർഹമായ കാര്യമാണ്. പക്ഷേ യഥാർത്ഥത്തിൽ ഇന്ന് വ്യാപകമായ തോതിൽ പതിനെട്ട് വയസ്സിന് താഴെയുള്ള പെൺകുട്ടികളെ കല്യാണം കഴിപ്പിച്ച് അയയ്ക്കുന്നു. ഗർഭാശയ കാൻസറിന് കാരണം ഇതാണെന്ന് ശാസ്ത്രീയമായിതന്നെ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് യാതൊരു നടപടിയും എടുക്കുന്നില്ല, കേസെടുക്കുന്നില്ല. നേരത്തെ ഒരു മുൻമന്ത്രിയുടെ മകളുടെ പേരിലുള്ള ഒരു കേസാണ് കൂടുതൽ ശ്രദ്ധയാകർഷിച്ചത്. മറ്റ് കേസുകളൊന്നും ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് ഇതിനെതിരെ നടപടികൾ കൈക്കൊള്ളാനും ഇതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിശ്രമങ്ങൾ നടത്താനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമ്മുടെ സമൂഹത്തിൽ ബോധവൽക്കരണം ആവശ്യമുള്ള സംഗതികളുണ്ട്. അതിലൊന്നാണ് പതിനെട്ട് വയസ്സാകുന്നതിനുമുമ്പ് പെൺകുട്ടികളെ കല്യാണം കഴിപ്പിച്ചുകൊടുക്കുന്നത്. ഇക്കാര്യത്തിൽ ഒരു ഭാഗത്ത് നിയമമുണ്ട്. അത് ലംഘിച്ചാൽ കേസ് എടുക്കാം. മറുവശത്ത് ബോധവൽക്കരണവും ആവശ്യമാണ്. പക്ഷേ കേരള സൊസൈറ്റിയിൽ കൂടുതൽ കൂടുതൽ ആളുകൾ ബോധവത്കൃതരായി വരികയാണ്. അവർക്ക് ഇതേക്കുറിച്ചൊക്കെ ബോധമുണ്ട്. ഇപ്പോൾ പ്രായപൂർത്തിയായശേഷമുള്ള കല്യാണങ്ങളാണ് കൂടുതലും. ആ വക പ്രശ്നങ്ങൾ കുറഞ്ഞുവരികയാണ്. ഏതായാലും ഇതേക്കുറിച്ചുള്ള ബോധവൽക്കരണവും മറ്റ് കാര്യങ്ങളുമായി മുന്നോട്ട് പോകാം.

ശ്രീ. മത്തായി ചാക്കോ: കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 24,214 അംഗൻവാടികളാണ് ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നത്. പക്ഷേ അംഗൻവാടികളിൽ ബഹുഭൂരിപക്ഷവും സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് ചില വീടുകളുടെ കോലായിലും മറ്റുമാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയോ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ സാമൂഹ്യ ക്ഷേമ വകുപ്പ് മുൻകൈയെടുത്തോ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കാനുള്ള പദ്ധതി വളരെക്കാലമായി ഉണ്ട്. അതിന് കേന്ദ്രസഹായവുമുണ്ട്. പക്ഷേ പ്രശ്നം എന്താണെന്നുവച്ചാൽ അതിന് രണ്ട് കമ്പോണന്റുണ്ട്. പഞ്ചായത്ത് സ്ഥലം കൊടുക്കണം. $\frac{1}{4}^{th}$ അവരുടെ ഭാഗത്തുനിന്ന് കൊടുക്കണം. പലപ്പോഴും സ്ഥലം കിട്ടില്ല. അതുപോലെതന്നെ പഞ്ചായത്തുകളിൽ വരുന്ന പണം അങ്ങോട്ടുമിങ്ങോട്ടും തിരിമറി

ചെയ്തുപോകും. ഇങ്ങനെയൊക്കെയാണ് വാസ്തവത്തിൽ കെട്ടിട നിർമ്മാണം നടക്കാതെ വരുന്നത്. ഇപ്പോൾ പഞ്ചായത്തുകളെക്കൊണ്ട് സ്ഥലം കൊടുപ്പിച്ച് ഈ പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇപ്പോൾ കുറെ കെട്ടിടങ്ങൾ നിർമ്മിക്കാൻ തീരുമാനമായി വരുന്നുണ്ട്.

ശ്രീ. മത്തായി ചാക്കോ: ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 50 ലക്ഷം കുട്ടികളാണ് ഭ്രൂണഹത്യയുടെ ഭാഗമായി ഇന്ത്യയിൽ കൊലചെയ്യപ്പെടുന്നത്. 1974-ലെ MTP Act-ഉം 1994-ലെ സ്കാൻ സെന്ററുകളുടെ ലിംഗനിർണ്ണയം നിയന്ത്രിച്ചുകൊണ്ടുള്ള നിയമവും നിലവിലുള്ള പ്പോൾതന്നെ അവയവങ്ങൾ ആവശ്യമുള്ളത് മാറ്റിവയ്ക്കാൻവേണ്ടി എടുത്തതിനുശേഷം കൊലപ്പെടുത്തുന്ന ഒരു രീതി പൊതുവിൽ സ്വകാര്യ ആശുപത്രികളിൽ വളർന്നുവരുന്നുണ്ട്. ഗുരുതരമായ ഒരു മാനുഷിക പ്രശ്നമെന്ന നിലയ്ക്ക് ഇത് നിയന്ത്രിക്കാനാവശ്യമായിട്ടുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെ ഒരു sweeping statement നടത്തുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല.

മി. സ്പീക്കർ: അങ്ങനെ ഇക്കാലത്ത് എവിടെയെങ്കിലും നടക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഏതെങ്കിലും ഒരു കേസ് ശ്രദ്ധയിൽപ്പെടുത്തിയാൽ വളരെ ഗൗരവത്തിലുള്ള നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വർക്കല കഹാർ: അന്ധരും ബധിരരും മൂകരുമായ കുട്ടികളുടെ വിദ്യാഭ്യാസം ഇന്ന് ഗുരുതരമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. അവരുടെ പഠനത്തിന് സഹായകമാകേണ്ട പഠനോപകരണങ്ങൾ വളരെ വിലക്കൂടുതലുള്ളവയാണ്. ദൗർഭാഗ്യ വശാൽ ആ കുട്ടികളിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ട കുടുംബങ്ങളിലുള്ളവരാണ്. ഈ സാഹചര്യത്തിൽ അവരുടെ വിദ്യാഭ്യാസ ചെലവുകൾ പൂർണ്ണമായി സർക്കാർ വഹിക്കുന്നതിന് വേണ്ടി അനുകമ്പാപൂർവ്വം അക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത്തരത്തിലുള്ള കുട്ടികൾക്കുവേണ്ടി ക്ഷേമ വകുപ്പുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ എടുക്കുന്നതിൽ ഗവൺമെന്റിന് സന്തോഷമേയുള്ളൂ. വളരെ ഗൗരവമായിട്ട് ഗവൺമെന്റ് ഇക്കാര്യം ശ്രദ്ധിക്കും. ബധിരരും മൂകരുമായിട്ടുള്ള കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കാനുള്ള ശാസ്ത്രീയമായ രീതികൾ ഉപയോഗിക്കുന്ന പല സ്ഥാപനങ്ങളും എൻ.ജി.ഒ.-യും അതുപോലെതന്നെ മറ്റു സംഘടനകളും ഒക്കെ കേരളത്തിൽ ധാരാളമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനൊക്കെ ഗവൺമെന്റ് പ്രോത്സാഹനം നൽകും. അതുപോലെതന്നെ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ആ നയമെടുത്ത് ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കാനുള്ള സമീപനം എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാനസിക വളർച്ച എത്താത്ത കുട്ടികൾക്ക് ചില ക്ഷേമപദ്ധതികളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. മാനസിക വളർച്ച എത്താത്ത കുട്ടികളുടെ പ്രശ്നം സമൂഹത്തിലെ വലിയ പ്രശ്നമാണ്. ഇത് മനസ്സിലാക്കി ഇക്കാര്യത്തിൽ, എന്തെങ്കിലും പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുന്നുണ്ടോ; ചില സന്നദ്ധ സംഘടനകളാണ് പല സ്ഥലത്തും സ്കൂളുകൾ നടത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ ക്കാണെങ്കിൽ പ്രത്യേക സഹായം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായിട്ടും ഉണ്ട്. നമ്മുടെ സ്റ്റേററിൽ വളരെ കാര്യക്ഷമമായി സന്നദ്ധ സംഘടനകൾ ഇത്തരത്തിലുള്ള കുട്ടികൾക്ക് വേണ്ടി സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അവയെയൊക്കെ ഗവൺമെന്റ് പല തരത്തിലും സഹാ യിക്കുന്നുമുണ്ട്. ഇപ്പോൾ ഗവൺമെന്റിന്റെ തന്നെ ഇത്തരത്തിലുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് ഇവിടെ പ്രവർത്തിക്കുന്നതായിട്ട് എനിക്ക് അറിയാം. സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള കുട്ടികൾക്ക് ഓരോരുത്തർക്കും പ്രതിവർഷം തൊള്ളായിരം രൂപ വീതം സാമ്പത്തിക സഹായം നൽകുന്നുണ്ട്. 32 സ്ഥാപനങ്ങളിലെ 750 കുട്ടികൾക്ക് ഇപ്രകാരം സഹായം നൽകുന്നുണ്ട്. ഇങ്ങനെയുള്ള പല പദ്ധതികളും ഉണ്ട്.

ശ്രീ. ഡി. സുഗതൻ: അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായിട്ട് എന്തെങ്കിലും വിദേശസഹായം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം പർപ്പസിനുവേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസിനൊക്കെ കിട്ടുന്നുണ്ട്. മുഴുവൻ ഡീറ്റെയിൽസും ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ശ്രീ. ബിനോയ് വിശ്വം: പെൺഭ്രൂണഹത്യകൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. വടക്കേ ഇന്ത്യയിലൊക്കെ ചില സിക്കുകാർ പറയുന്നത് പത്തു ലക്ഷം രൂപ ലാഭിക്കാൻ ഇപ്പോൾ ചെലവാക്കേണ്ടത് പതിനായിരം രൂപ മാത്രമാണ് എന്നാണ്. അതേ പ്രവണത കേരളത്തിലും വർദ്ധിച്ചുവരികയാണ്. പെൺകുട്ടികളുടെ ഭ്രൂണം ആണെങ്കിൽ അത് മാറ്റാനുള്ള നീക്കം ശക്തിപ്പെടുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ കൊല്ലം മുപ്പത്തിയെണ്ണാ യിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് ഭ്രൂണഹത്യ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം ആരോഗ്യ പരമായി അമ്മയുടെ ഭാവിക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളല്ല. പെൺകുട്ടി ആയതുകൊണ്ട് മാറ്റിയതാണ്. ഇത് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പെൺ ഭ്രൂണഹത്യ എന്നുപറഞ്ഞ് ആ രീതിയിൽ കാര്യങ്ങൾ നടക്കുന്നുണ്ടോ എന്നുള്ളത് അന്വേഷിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വീട്ടിൽനിന്ന് വിട്ടു നിൽക്കേണ്ടി വരുന്ന ഉദ്യോഗ സ്ഥകളായ വീട്ടമ്മമാർക്ക് ചെറു പ്രായത്തിലുള്ള കുട്ടികളുടെ പരിപാലനം ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഒരേർപ്പാടായി മാറിയിരിക്കുകയാണ്. ഈ വസ്തുതകൾ പരിഗണിച്ചു കൊണ്ട് അന്യനാട്ടിൽ വീടെടുത്തു താമസിക്കാൻ സാമ്പത്തിക സൗഭാഗ്യമില്ലാത്ത

ഉദ്യോഗസ്ഥർക്ക് അവർ താമസിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ വിശേഷിച്ച് സർക്കാർ വക വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ പത്തു വയസ്സുവരെയുള്ള കുട്ടികളെക്കൂടി താമസിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ചിന്തിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത് ആലോചിക്കേണ്ട കാര്യമാണ്. ആലോചിച്ച് മറുപടി പറയാം.

ശ്രീ. എ. കെ. ബാലൻ: കുട്ടികളുടെ സാംസ്കാരിക ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തി 1986-ൽ പാർലമെന്റ് ജുവനൈൽ ജസ്റ്റിസ് ആക്ട് പാസ്സാക്കിയിട്ടുണ്ട്. ഇവിടെ കേരളത്തിൽ ഈ ആക്ടിന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജുവനൈൽ ബോർഡുകളോ, ജുവനൈൽ ഹോമോ, ജുവനൈൽ ഒബ്സർവേഷനോ ഒന്നും തന്നെ ഇല്ല. ഈ ആക്ട് പ്രകാരം 18 വയസ്സിനുതാഴെയുള്ള കുട്ടികളെ അറസ്റ്റു ചെയ്തുകഴിഞ്ഞാൽ പോലീസിന് ലോക്കപ്പിൽ വയ്ക്കാൻ പറ്റില്ല എന്നുള്ളത് സ്പെസിഫിക്കായിട്ടുള്ള കാര്യമാണ്. ഞാൻ ചോദിക്കുന്നത് മുത്തങ്ങാ സംഭവവുമായി ബന്ധപ്പെട്ടുകൊണ്ട് കുട്ടികളെ അറസ്റ്റ് ചെയ്ത് നേരെ ഫസ്റ്റ്ക്ലാസ് കോടതിയിലേയ്ക്കാണ് പോലീസ് ഹാജരാക്കിയത്. സി.ജെ.എം. കോർട്ടിൽ ഹാജരാക്കുന്നതിന് പകരം മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി, ജയിലിൽ താമസിപ്പിക്കുകയാണ് ചെയ്തത്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട പോലീസ് അത് ചെയ്യുന്നില്ല എന്നുള്ളതുകൊണ്ട് പരിപൂർണ്ണമായും ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ സംരക്ഷണം ഈ നെഗ്ലക്ടഡായിട്ടുള്ള കുട്ടികൾക്ക് ലഭിക്കും എന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും വല്ല ഉറപ്പും ഉണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ജുവനൈൽ ജസ്റ്റിസ് നിയമമൊക്കെ സംസ്ഥാനത്ത് നേരത്തെ തന്നെ നിലവിലുണ്ട്. അതുപോലെതന്നെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പക്ഷേ പാർലമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച് നമ്മുടെ സംസ്ഥാനത്തും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇപ്പോൾ മാറിയ രീതിയിൽ അന്തർദ്ദേശീയ തലത്തിൽ കുട്ടികളെ കൈകാര്യം ചെയ്യുന്ന രീതി, സംസ്ഥാനങ്ങളിലും നടപ്പിലാക്കേണ്ട ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പൂർണ്ണത എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലായി വരുന്നതേയുള്ളു. നമ്മളും ഇതിന്റെ ആക്ടുകളും മറ്റ് കാര്യങ്ങളും ചെയ്യാൻ ബാക്കിയുണ്ട്. ഉടനെ ശരിയാകും. അതിനനുസരിച്ച് ഒരു സിവിലൈസ്ഡ് സൊസൈറ്റി കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങൾ, നിയമങ്ങൾ, അവരുടെ പരിപാലനം, അവരെ കുറ്റകൃത്യങ്ങളിൽ നിന്ന് വിമുക്തമാക്കാനുള്ള നടപടികൾ, മറ്റു കാര്യങ്ങൾ ഇതൊക്കെ അടങ്ങിയ നിയമം പൂർണ്ണമായി ഇവിടെ നടപ്പിലാക്കും. മറ്റു കാര്യങ്ങളും ഒക്കെ നടപ്പിലായി വരികയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ദിവസക്കൂലിക്ക് സ്ത്രീയും പുരുഷനും ജോലിക്കു പോകുന്ന നിരവധി കുടുംബങ്ങളുണ്ട്. അങ്ങനെയുള്ള വീടുകളിൽ മൂത്ത കുട്ടി പെൺകുട്ടിയാണെങ്കിൽ ആ പെൺകുട്ടിയാണ് ഇളയ കുട്ടിയെ നോക്കേണ്ടത്. ആ കുട്ടികളുടെ വിദ്യാഭ്യാസവും ഒക്കെ നഷ്ടപ്പെടുകയാണ്. അങ്ങനെയുള്ള പ്രദേശങ്ങളിൽ അവർക്കു വേണ്ടി ഡേകെയർ സെന്റർ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ജീവിത ശൈലികളും സൊസൈറ്റിയുടെ രീതികളും ഒക്കെ മാറുന്നതിനനുസരിച്ചാണ് ഓരോ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാകുന്നത്. വയസ്സായ ആളുകളുടെ പ്രശ്നം പറഞ്ഞു. അവർക്കുവേണ്ടി ഡേ കെയർ സെന്ററുകളുണ്ട്. ഈ പറഞ്ഞതുപോലെ നന്നേ ചെറിയ കുട്ടികൾക്കുവേണ്ടി ഡേ കെയർ ഉണ്ടാകാം. സന്നദ്ധ സംഘടനകളൊക്കെ ഈ വക കാര്യങ്ങളൊക്കെ നടപ്പിലാക്കുന്നുണ്ട്. അതിലൊക്കെ ഊന്നൽ ആവശ്യമുണ്ടെങ്കിൽ അതുനോക്കി ഗവൺമെന്റ് ആ വക കാര്യങ്ങളിൽ മുൻകൈ എടുക്കുകയും, സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും നമുക്കു തന്നെ ചെയ്യണമെങ്കിൽ ചെയ്യുകയും ചെയ്യുന്നതിൽ വിരോധമില്ല; നോക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ: നമ്മുടെ സംസ്ഥാനത്ത് മാതൃക്ഷേമ പദ്ധതി നില നിൽക്കുന്നുണ്ട്. ഗർഭിണികളായ പാവപ്പെട്ട സ്ത്രീകൾ ഗർഭാവസ്ഥയിൽതന്നെ സർക്കാർ ആശുപത്രിയിൽ പോയി രജിസ്റ്റർ ചെയ്താൽ അവരുടെ പ്രസവ ചെലവിനുള്ള പൈസ ഗവൺമെന്റ് കൊടുക്കുന്ന പദ്ധതിയാണ്. കഴിഞ്ഞ പാലക്കാട് ഡി.ഡി.സി. ഇത് പരിശോധിച്ചപ്പോൾ ആർക്കും അവിടെ പണം കിട്ടിയിട്ടില്ല. ഈ കാര്യങ്ങൾ പാവപ്പെട്ട ആളുകൾക്ക് അറിയില്ല. അങ്ങനെ ഗർഭിണികളായ സ്ത്രീകളെ അംഗൻവാടികൾ മുഖാന്തിരം രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ പാലക്കാട് ജില്ലാ പഞ്ചായത്ത് ഗർഭിണികളായ സ്ത്രീകളെ പരിശോധിച്ചു കഴിഞ്ഞാൽ ഗർഭസ്ഥ ശിശു പെൺകുട്ടിയാണെങ്കിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി കൊണ്ടുവന്നിരുന്നു. അങ്ങനെ ഇൻഷ്വർ ചെയ്തു കഴിഞ്ഞാൽ ആ പെൺകുട്ടിയ്ക്ക് വിവാഹ പ്രായം എത്തുമ്പോൾ ഇൻഷ്വറൻസിന്റെ ഭാഗമായി നല്ല തുക കിട്ടും. അവരുടെ വിവാഹത്തിന് അത് സഹായകമാണ്. അത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾത്തന്നെ കേന്ദ്രഗവൺമെന്റ് സഹായം നൽകുന്ന ഒരു പദ്ധതി ഉണ്ട്. 1997-ന് ശേഷം ജനിക്കുന്ന കുട്ടികൾക്ക് ജനനസമയത്ത് 500 രൂപ, പിന്നെ വിദ്യാഭ്യാസ ഘട്ടത്തിൽ ഒരു സംഖ്യ എന്നുള്ള ഒരു പദ്ധതിയുണ്ട്. ഈ സംഖ്യ അവർക്ക് കൊടുക്കുക എന്നുള്ളതാണ് ഇപ്പോൾ ചെയ്യുന്നത്. പക്ഷെ ചില പഞ്ചായത്തുകളോ അല്ലെങ്കിൽ ജില്ലാ പഞ്ചായത്തുകളോ ഇതിനെ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെടുത്തി അവർക്ക് ഒരു തുക കിട്ടത്തക്ക രീതിയിൽ രൂപപ്പെടുത്തിയിട്ടുണ്ട്. അതൊരു നല്ല കാര്യമാണ്. ഞാൻ ഇത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുമായിട്ട് ചർച്ച ചെയ്തുവരികയാണ്. ഈ തുക അങ്ങനെ കൊടുത്ത് നഷ്ടപ്പെടുത്തുന്നതിനുപകരം ഒരു ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു സ്കീം ആക്കി നടപ്പാക്കാൻ കഴിയുമോ എന്നുള്ളത് ആലോചിക്കുന്നുണ്ട്. 1997-നുശേഷം ജനിക്കുന്ന കുട്ടികൾക്ക് ഇങ്ങനെ ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയിൽ നിന്നുമാണ് ഈ പണം കൊടുക്കുന്നത്. ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെടുത്തി കുറച്ചുവർഷം കഴിഞ്ഞ് ഒരു തുക കിട്ടുന്ന തരത്തിലുള്ള ഒരു പദ്ധതിയാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി മാലേത്ത് സരളാദേവി: നമ്മുടെ ആപ്തവാക്യം തന്നെ മാതൃ ദേവോ ഭവഃ അമ്മയെ ദേവതുല്യം കരുതണം എന്നുള്ളതാണ്. വിധവകളായ അമ്മമാർ ധാരാളമുള്ള ഈ രാജ്യത്ത് 18 വയസ്സു പൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ആ അമ്മയ്ക്ക് ഒരാനുകൂല്യവും കിട്ടുന്നില്ല. ഈ ആൺകുട്ടി മദ്യത്തിനും മയക്കുമരുന്നിനും അടിമയായി ഒരു ജോലിയും ചെയ്യാത്തതാണെങ്കിൽ ഇതുപോലെയുള്ള ആളുകൾ രോഗികളും ആണെങ്കിൽ അവരുടെ ജീവിതം അന്നംമുട്ടി നിൽക്കുകയാണ്. അതുകൊണ്ട് നമ്മുടെ സാംസ്കാരിക പൈതൃകത്തേയും ഈ വാക്യത്തേയും ഉദ്ദേശിച്ചെങ്കിലും 18 വയസ്സ് പൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിലും രോഗിയും വിധവയും അതുപോലെ തന്നെ വാർദ്ധക്യവും കൊണ്ട് വിഷമിക്കുന്ന ആളുകൾക്കും ആനുകൂല്യം കിട്ടാനുള്ള നടപടി സ്വീകരിക്കുമോ; സർക്കാർ തലത്തിൽ ആ നിയമം മാറ്റിയെഴുതിക്കുറിക്കണമെന്ന് അപേക്ഷിക്കുന്നു. അതേക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആനുകൂല്യങ്ങൾ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന രീതിയനുസരിച്ച് ഇതു വരില്ല. പ്രത്യേകമായി പരിശോധിക്കേണ്ട കാര്യമാണ്. പരിശോധിച്ചശേഷം മറുപടി പറയാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: കുഞ്ഞുങ്ങളുടെ ക്ഷേത്തിനായി സെൻട്രൽ ഗവൺമെന്റ് Juvenile Justice Act 2000 പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ആനുകൂല്യങ്ങൾ നമ്മുടെ കേരളത്തിന് ലഭിക്കുന്നുണ്ടോ; ഇത് റൂൾസ് തയ്യാറാക്കി ഗവൺമെന്റ് കൊടുക്കാത്തതുകൊണ്ടാണ് എന്നാണ് മനസ്സിലാകുന്നത്. എന്തുകൊണ്ടാണ് ഈ കഴിഞ്ഞ 2000-ൽ പാസ്സാക്കിയ നിയമത്തിന് ആവശ്യമായ റൂൾസ് പാസ്സാക്കി കൊടുക്കാത്തത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മറ്റ് സംസ്ഥാനങ്ങളേക്കാളും ഒക്കെ മുമ്പിലാണ് നമ്മൾ. നമ്മൾ അതിന്റെ ഫൈനൽ സ്റ്റേജിലാണ്. അതിന്റെ റൂൾസും കാര്യങ്ങളും ഒക്കെ ഉടനെ നടപ്പിലാകും.

ശ്രീ. കെ. എ. ചന്ദ്രൻ: അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായിട്ടുള്ള പദ്ധതികളിൽ പ്രധാനമായ ഒന്നാണ് അംഗൻവാടി. നിർഭാഗ്യവശാൽ അംഗൻവാടികളുടെ കെട്ടിടങ്ങളിൽ മിക്കതും പണിതിട്ടുള്ളത് പുറമ്പോക്ക് സ്ഥലത്താണ്. അങ്ങനെ പുറമ്പോക്കു സ്ഥലത്ത് പണിയേണ്ടുന്ന ഒന്നല്ല അംഗൻവാടി. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന, അവർക്ക് പരിചരണം കിട്ടേണ്ടുന്ന സ്ഥലം അവർ താമസിക്കുന്നതിനടുത്ത് ആയിരിക്കണം. ഒരു മോഡൽ ബിൽഡിംഗ് ഉണ്ടാക്കാൻതക്കവണ്ണമുള്ള സജ്ജീകരണം ഉണ്ടാക്കി കൊടുക്കേണ്ടത് അത്യാവശ്യമാണ്.

മി. സ്പീക്കർ: Put the question.

ശ്രീ. കെ. എ. ചന്ദ്രൻ: അതുപോലെ അംഗൻവാടി വർക്കേഴ്സിനെ സർക്കാർ പരിപാടിക്ക് ആളെ കൂട്ടാൻ എപ്പോഴും വിളിക്കുന്ന ഒരു സ്ഥിതിയുണ്ട്. അതിൽനിന്ന് സംരക്ഷണം നൽകുകയും മോഡൽ ബിൽഡിംഗ് സ്ഥാപിച്ച് മെച്ചപ്പെട്ട നിലയിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ശ്രദ്ധയും സാമ്പത്തിക സൗകര്യവും സർക്കാർ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം.

മി. സ്പീക്കർ: കുട്ടികളുടേയും അമ്മമാരുടേയും ക്ഷേമം പോയി അംഗൻവാടികളുടെ ക്ഷേമമായി അല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അംഗൻവാടികൾ, അംഗൻവാടികളാണ് അംഗന വാടികളല്ല. അംഗൻവാടികൾ പലതും പുറമ്പോക്കുകളിലാണ് പ്രവർത്തിക്കുന്നത് എന്നു പറഞ്ഞത് ശരിയാണ്. ഒരു അംഗൻവാടിക്ക് വെറുതെ സ്ഥലം കൊടുക്കുമ്പോൾ പലപ്പോഴും പുറമ്പോക്കിലും മറ്റുമൊക്കെയായിരിക്കും ലഭിക്കുക. അത് നിരുൽസാഹ പ്പെടുത്തേണ്ടതാണ്. അത് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിരിക്കയാണ്. അതുകൊണ്ട് ഉത്തരവാദിത്തം പ്രധാനമായും അവരുടെ തലത്തിലാണ്. അത് ഗവൺമെന്റ് ഇൻസിസ്റ്റ് ചെയ്യും. ഇങ്ങനെ പുറമ്പോക്കുകളിലൊന്നും പാടില്ല. അംഗൻവാടികളുടെ സൗകര്യങ്ങളും അതുപോലെതന്നെ കാര്യക്ഷമതയും വർദ്ധിപ്പിച്ചാലേ ഒക്കൂ. അതൊരു priority area-യിൽ തന്നെയാവണം. ഗവൺമെന്റ് അത് ഇൻസിസ്റ്റ് ചെയ്യുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: 2000-ലെ സെൻസസ് പ്രകാരം കേരളത്തിൽ ആറു വയസ്സിൽ താഴെയുള്ള 36 ലക്ഷം കുട്ടികളുണ്ട്. ഈ കുട്ടികളുടേയും 40 കിലോഗ്രാമിൽ താഴെ ഭാരമുള്ള ഗർഭിണികളുടേയും പാലൂട്ടുന്ന അമ്മമാരുടേയും പോഷകാഹാരത്തി നുള്ള പ്രധാനപ്പെട്ട ഒരു പരിപാടിയാണ് പ്രധാന മന്ത്രിയുടെ ഗ്രാമോദയ യോജന പദ്ധതി. അതിനു പര്യാപ്തമായ വിധത്തിൽ കേന്ദ്രം ഈ പദ്ധതിക്ക് പണം തരുന്നുണ്ടോ; പോഷകാഹാരത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഇതിനുള്ള പണം ലഭിക്കുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ബാക്കിയുള്ള പണം നീക്കിവയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് പണം തരുന്നുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റും പല രീതികളിലും ഈ ക്ഷേമപ്രവർത്ത നത്തിന് പണം ചെലവഴിക്കുന്നുണ്ട്. കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. എ. എ. അസീസ്: BPL വിഭാഗത്തിൽപ്പെട്ട അമ്മമാർക്ക് ആൺകുട്ടികളുണ്ട് എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നത് പുനഃപരിശോധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നയപരമായ ഒരു കാര്യമാണ്. പരിശോധിച്ച് വിവരം അറിയിക്കാം.

ശ്രീ. സി. മമ്മൂട്ടി: ബഹുമാനപ്പെട്ട മന്ത്രി ഒട്ടേറെ പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കുമെന്നു പറഞ്ഞു. ICDS മൂന്നാംഘട്ട പദ്ധതിയിൽ അഞ്ചു വർഷക്കാലത്തേയ്ക്ക് എത്ര രൂപയാണ് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നത്; ഇത് ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് എന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത് എത്ര രൂപയാണെന്നുള്ളതും ഏതൊക്കെ കാര്യങ്ങൾക്കാണെന്നുള്ളതും വിശദമായി മറുപടി പറയേണ്ടതാണ്. മെമ്പറെ ഞാൻ രേഖാമൂലം അറിയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞത് കഴിഞ്ഞ സാമ്പത്തിക വർഷം 118 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ സാമ്പത്തിക വർഷം 61 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടുള്ളത് എന്നാണ്. വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണിത്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാന പ്രശ്നം പെടുത്താം. "ഉപ്പളയിൽ നിന്നും കേട്ട തേങ്ങൽ" എന്ന പേരിൽ തന്നെ നമ്മുടെ മാദ്ധ്യമങ്ങൾ അതെല്ലാം വിവരിച്ചതാണ്. കർണ്ണാടകയുടെ അതിർത്തിയിലുള്ള ഉപ്പളയിൽ പ്രസവിച്ച് ഏഴു ദിവസം പ്രായമായ തന്റെ കുഞ്ഞിനെ വില്പന നടത്തിയിട്ടാണ് ആശുപത്രിയിൽ പ്രസവ ചികിത്സയ്ക്ക് ചെലവായ തുക ആ സ്ത്രീ അടച്ചത്. കുഞ്ഞിനെ വില്പന നടത്തിയിട്ട്, കേരളമാകെ ആ വാർത്ത കേട്ട് ഞെട്ടിപ്പോയതാണ്. നിയമം നടപ്പാക്കുന്നതിനെക്കുറിച്ചാണ് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ചോദിച്ചത്. ഇതിനൊരു നിയമവുമില്ല. ഇങ്ങനെ പണമുള്ളവർക്ക് മാത്രമെ കുഞ്ഞുങ്ങളെ നോക്കി സംരക്ഷിക്കാൻ കഴിയുകയുള്ളൂ എന്ന വിധത്തിൽ സ്ഥിതിഗതികൾ മാറി. അതുകൊണ്ട് ഇത്തരം കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ വല്ല പദ്ധതിയും സർക്കാർ ഈ സാമൂഹ്യ ക്ഷേമ വകുപ്പുമുഖേന നടപ്പാക്കാൻ തയ്യാറാകുമോ? ജുവനൈൽ ഹോമും മറ്റും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട് ഇത്തരം പ്രശ്നങ്ങളിൽക്കൂടി ജീവകാരുണ്യ പരമായ പ്രശ്നങ്ങൾ എന്ന നിലയിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആദ്യം പറഞ്ഞ ഭാഗം, ബഡ്ജറ്റിൽ കഴിഞ്ഞ വർഷത്തെപ്പോലെ പണമില്ലാത്തതിന്റെ പ്രശ്നമൊന്നും വരില്ല. ഇത് നമുക്ക് അഡീഷണൽ ഓതറൈസേഷനും, മാച്ചിംഗ് ഗ്രാന്റും ഒക്കെയായിട്ട് ആവശ്യാനുസരണം എടുക്കാം. കാരണം ഈ പദ്ധതികൾ അധികവും ഗ്രാമങ്ങൾക്ക് കൊടുക്കേണ്ടതും എളുപ്പമുള്ള കാര്യങ്ങളുമാണ്. ആവശ്യം വരുന്നതനുസരിച്ച് പണം ലഭിക്കുന്നതു തന്നെയാണ്. ആവശ്യം അനുസരിച്ച് കിട്ടാതിരിക്കില്ല, കിട്ടും എന്നുതന്നെയാണ്. ഈ വർഷവും ബാക്കി സമയമുണ്ടല്ലോ. 3, 4 മാസമല്ലേ ആയുള്ളൂ. ബാക്കി സമയമുണ്ടല്ലോ, കിട്ടും. പിന്നെ രണ്ടാമത്തെ കാര്യം പറഞ്ഞത് നമ്മുടെ സമൂഹത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. പക്ഷേ എന്നു വിചാരിച്ച് നമ്മൾ ഇതിനെ ഒരു ലാഘവ ബുദ്ധിയോടുകൂടി കാണുന്നില്ല. തീർച്ചയായിട്ടും അങ്ങനെയുള്ള സംഭവങ്ങൾ വളരെ ഗൗരവമായി ഗവൺമെന്റ് എടുക്കും. അതിനൊന്നും നിയമമില്ല എന്നു പറഞ്ഞ് നിൽക്കേണ്ട കാര്യമില്ല. നിയമം പല വിധത്തിലുമുണ്ട്. നടപടികൾ തീർച്ചയായിട്ടും ഉണ്ടാകും. ഒരു കേസ് ശ്രദ്ധയിൽ വന്നാലും അല്ലെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടാലും പ്രസ്സ് കട്ടിംഗ് വന്നാലും അപ്പോൾ തന്നെ അതിന് നടപടി എടുക്കാൻ സാമൂഹ്യ ക്ഷേമ വകുപ്പ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ ക്ഷേമത്തിന് വേണ്ടിയാണ് അംഗൻവാടി ടീച്ചർമാരെ നിയോഗിച്ചിട്ടുള്ളത്. കുട്ടികളെ പഠിപ്പിക്കാനും കളിപ്പിക്കാനുമുള്ള വലിയ ചുമതലയാണ് അവർക്കുള്ളത്. ഏറ്റവും കൊച്ചുകുട്ടികളാണ്, അവരുടെ ചുമതലയാണ് ഈ ടീച്ചർമാർക്കുള്ളത്. ഇവരെത്തന്നെ സാമൂഹ്യ ക്ഷേമ വകുപ്പിലെയും വിദ്യാഭ്യാസ വകുപ്പിലേയും ആരോഗ്യ

വകുപ്പിലേയും മറ്റും പ്രധാനപ്പെട്ട സർവ്വേ, അതുപോലെ ലെഡ്ജറുകൾ ഉണ്ടാക്കുന്നതിന്റേയും മറ്റും ചുമതലകൾ ഒക്കെ ഏൽപിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് കുട്ടികളുടെ കാര്യത്തിൽ മുഴുവൻ ശ്രദ്ധിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അവരുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കുട്ടികളെ പഠിപ്പിക്കാനും കളിപ്പിക്കാനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി നിയോഗിക്കാനുള്ള എന്തെങ്കിലും നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നേരത്തെ ഈ ചോദ്യം ചോദിച്ചു. ഞാൻ മറുപടി പറയാൻ വിട്ടുപോയി. ആ ചോദ്യത്തിന് ഇപ്പോൾ മറുപടി പറയാം. അംഗൻവാടി ജീവനക്കാരെ എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് സർവ്വേ കാര്യങ്ങളും ഒക്കെ വന്നാൽ കണ്ടമാനം ഉപയോഗിക്കുന്നു എന്നുള്ള ആക്ഷേപമുണ്ട്. അവരുടെ അദ്ധ്വാനഭാരം കൂടി എന്നുള്ള ആക്ഷേപവും ഉണ്ട്. മാത്രമല്ല കുട്ടികളെ സംരക്ഷിക്കേണ്ട ഈ അംഗൻവാടിയിൽ അവർ ഉണ്ടായിരിക്കേണ്ട സമയത്ത് ഇല്ലാതെ പോകുന്നു എന്നുള്ള കംപ്ലയിന്റ് ഒക്കെയുണ്ട്. കൂടുതൽ പണി ഇവരെ ഏൽപിക്കുന്നതു സംബന്ധിച്ച് ഒരു നിലപാട് ആവശ്യമാണ്. പ്രത്യകിച്ച് സർവ്വേ കാര്യങ്ങളിൽ. എളുപ്പം ഫീൽഡിൽ പോകാൻ കഴിയുന്ന ആളുകൾക്ക്, പറ്റുന്ന ആളുകൾക്ക് എല്ലാം കെട്ടി ഏൽപിച്ച് കൊടുക്കുന്ന ഒരു സ്ഥിതിയുണ്ട്. അതിലൊരു നിയന്ത്രണം വരുത്തണമെന്ന് സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റിന് അഭിപ്രായമുണ്ട്.

ശ്രീ. പി. ടി. തോമസ്: ഈ കുട്ടികളെ, പ്രത്യേകിച്ച് അംഗൻവാടിയിലെ കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ഒരു കപ്പ് പാലും ഷേക്ക് ഹാന്റും പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. പദ്ധതി പ്രഖ്യാപിച്ചത് കൃഷിവകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഗൗരിയമ്മയാണ്. പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നത് സാമൂഹ്യക്ഷേമ വകുപ്പാണ്. എല്ലാ സ്ഥലങ്ങളിലും കോ-ഓർഡിനേഷന്റെ തകരാറ് നിലനിൽക്കുന്നതു കൊണ്ട് പലപ്പോഴും ഫലപ്രദമായി അത് പ്രവർത്തിക്കുന്നില്ല എന്ന പരാതിയുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഒരു പരാതി എല്ലാ സ്ഥലത്തും മിൽമയുടെ പാൽ കിട്ടാനില്ല എന്നുള്ളതാണ്. അങ്ങനെയുള്ള സ്ഥലത്തു ലോക്കൽ പർച്ചേസ് നടത്താൻ കഴിയുന്നില്ല. അതുപോലെ തന്നെ മിൽമയുടെ പാൽ കിട്ടണമെങ്കിൽ ഓട്ടോറിക്ഷ വിളിച്ച് 10 രൂപ, 15 രൂപ വരെ കൊടുത്ത് ടീച്ചർമാർ തന്നെ പോയി കൊണ്ടുവരേണ്ട ഗതികേടുണ്ട്. ഈ പൈസ അലോട്ട് ചെയ്ത് കിട്ടുന്നില്ല. അതുകൊണ്ട് ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇതിന്റെ പരിപൂർണ്ണ നിയന്ത്രണം അതാത് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാനും ആവശ്യമായ പണം പഞ്ചായത്തിന് അലോട്ട് ചെയ്യാനും തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: 30% കേന്ദ്ര സഹായം ഗ്രാന്റ് ആയും 70% തിരിച്ചടയ്ക്കേണ്ട വ്യവസ്ഥയോടുകൂടിയുള്ളതുമാണ് ഈ പദ്ധതി. മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതിക്കാണ് കേന്ദ്രസഹായം. നമ്മൾ അത് മൂന്നുവയസ്സിനു മുകളിൽ കുറച്ചുംകൂടി വ്യത്യാസപ്പെടുത്തി. അങ്ങനെയൊക്കെ വന്നപ്പോൾ പദ്ധതി ചെലവ് കുറച്ചുകൂടി. അങ്ങനെ കുറച്ചു കുടിശ്ശിക വന്നു. പക്ഷേ ഇപ്പോൾ ആ കുടിശ്ശിക മിൽമയ്ക്ക് കുറെ കൊടുത്തു. ഇനിയും കുറച്ചുകൂടിയേ കൊടുക്കാനുള്ളൂ. മിൽമയ്ക്ക് പണം കൊടുത്തു കഴിഞ്ഞപ്പോൾ അവർ വീഴ്ച കൂടാതെ പാൽ നൽകുന്നുണ്ട്.

03-2004-ലെ ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് 8 കോടി രൂപയാണ്. ാക്കി പണം കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് ഈ പദ്ധതി പഞ്ചായത്തുകൾക്ക് ിട്ടുകൊടുക്കുന്ന കാര്യം വേണമെങ്കിൽ നമുക്ക് ആലോചിക്കാം. പക്ഷേ ഇപ്പോൾ ഈ ദ്ധതി കാര്യക്ഷമമായിട്ട് നടക്കുന്നുണ്ട്. തകരാറുകൾ തീർച്ചയായിട്ടും മോണിട്ടർ ചയ്ത് കോ-ഓർഡിനേഷനിൽ ഇപ്പോൾ വന്നിരിക്കുന്ന പ്രോബ്ലംസ് പരിഹരിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ുട്ടികളുടേയും അമ്മമാരുടേയും ക്ഷേമത്തിനും ഐശ്വര്യത്തിനും ഒട്ടേറെ നടപടികൾ ാീകരിക്കുന്നുണ്ട് എന്ന് വിശദീകരിച്ചു. കേരളത്തിൽ സ്ത്രീകളുടെ മാനസിക ആരോഗ്യനില വളരെ പിന്നിലാണെന്ന് ചില പഠന റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. ഈ ാർക്കാർ അധികാരത്തിൽ വന്നതിനുശേഷം 256 സ്ത്രീകൾ കൊല്ലപ്പെട്ടു എന്ന ശ്രീ. ടി. കെ. ദേവകുമാറിന്റെ ചോദ്യത്തിന് ഈ സഭയിൽ മന്ത്രി മറുപടിനൽകി. ാനസിക സംഘർഷമനുഭവിക്കുന്ന, ആക്രമണത്തിനു വിധേയമാകുന്ന സ്ത്രീകളെ ംരക്ഷിക്കുന്നതിനാവശ്യമെങ്കിൽ പ്രത്യേക പരിപാടികൾ സർക്കാർ ആവിഷ്ക്കരിക്കുമോ?

മി. സ്പീക്കർ: അമ്മയും കുട്ടിയുമാണ് ഇവിടത്തെ ചോദ്യം. അതിപ്പോൾ സ്ത്രീക ിലേയ്ക്കുപോയി. എന്താ ചെയ്യുക?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പദ്ധതികൾ ധാരാളമുണ്ട്. സ്വയംസിദ്ധ പദ്ധതി രു ഉദാഹരണമാണ്. പഞ്ചായത്തിന്റെ കീഴിൽ നടക്കുന്ന മറ്റു പദ്ധതികൾ ധാരാളമുണ്ട്. സ്വയംസിദ്ധ പദ്ധതി ഇവിടെ പറഞ്ഞ പ്രശ്നങ്ങളൊക്കെ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര ാവൺമെന്റ് കൊണ്ടുവന്ന പദ്ധതിയാണ്. അവകാശങ്ങൾ നേടിയെടുക്കാൻ പ്രാപ്തരാക്കുക, അവരെ പ്രബുദ്ധതയുള്ളവരാക്കുക, മാനസികമായി അവർക്ക് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കെൽപ്പു നൽകുക ഇങ്ങനെയുള്ള പദ്ധതികൾ പലതുമുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങളൊക്കെ അതാണല്ലോ. പദ്ധതികൾക്ക് കുറവില്ല. പക്ഷെ, എങ്കിലും ചില പ്രശ്നങ്ങളൊക്കെയുണ്ടാകും.

ശ്രീ. എ. കെ. മണി: കുട്ടികളുടേയും അമ്മമാരുടേയും ക്ഷേമം മെച്ചപ്പെടുത്തുക എന്നുള്ള സ്കീമിൽ ആദിവാസി മേഖലയിലും പ്ലാന്റേഷനിലും ധാരാളം വിധവകളായ അമ്മമാരും അവരുടെ കുഞ്ഞുങ്ങളുമുണ്ട്. ഈ മേഖലകളിലെല്ലാം അംഗൻവാടികളുടെ പവർത്തനംമൂലം മന്ത്രി ഇവിടെ പറഞ്ഞതുപോലെ പാലും ഷേക്ക് ഹാന്റും കൊടുക്കുക എന്നുള്ള സ്കീമാണ് നിലവിലുള്ളത്. ഈ മേഖലകളിലൊന്നും പാൽ കിട്ടാറില്ല. ഷേയ്ക്ക് ഹാന്റ് വേണ്ട. മതിയായ ഭക്ഷണവും പാലും ആവശ്യമുള്ള സംരക്ഷണവും കൊടുക്കാൻ കൂടുതൽ ഐ.സി.ഡി.എസ്. സെന്ററുകൾ കൊണ്ടുവരാൻ ാവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആദിവാസി മേഖലകളിൽ ഐ.സി.ഡി.എസ്. സെന്ററിനൊക്കെ പ്രത്യേക പരിഗണന കൊടുക്കാറുണ്ട്. ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികളും മറ്റുകാര്യങ്ങളുമൊക്കെ ലഭ്യമാക്കാം. പാൽ കൊടുക്കുന്ന കാര്യത്തിൽ ചില ബ്ലോക്കുകളിൽ പാൽ എത്തുന്നില്ല എന്ന പരാതിയുണ്ട്. അവിടെ പാൽ വിതരണം ചെയ്യാൻ പറ്റുമോ എന്നുള്ളത് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: ആരോഗ്യമുള്ള അമ്മമാർ, ആരോഗ്യമുള്ള കുട്ടിക(ആരോഗ്യമുള്ള തലമുറ, ഇതാണ് അംഗൻവാടികളുടെ ക്ഷേമപ്രവർത്തനങ്ങളു(മുഖ്യലക്ഷ്യം. ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായങ്ങൾ നമു(ചെയ്യുന്നുണ്ട്. പക്ഷേ, അനാരോഗ്യകരമായ ചുറ്റുപാടിലാണ് ഈ കുട്ടികൾ പലര പഠിക്കുന്നത് എന്നുള്ള ദു:സ്ഥിതി നമ്മുടെ നാട്ടിലുണ്ട്. അംഗൻവാടി കെട്ടിടങ്ങൾ(പകരം ഇപ്പോൾ തൊഴുത്തുകളിലാണ് അവ പ്രവർത്തിക്കുന്നത്. വേൾഡ് ബാങ്കി(സഹായത്തോടുകൂടി ഈ സംസ്ഥാനത്ത് നടത്തിയ അംഗൻവാടി കെട്ടിടങ്ങളു(പട്ടികയിൽ എന്റെ നിയോജകമണ്ഡലത്തിൽ 33 എണ്ണമുണ്ട്. പതിനഞ്ചോളം അംഗൻവാടി കെട്ടിടങ്ങൾക്ക് എം.എൽ.എ. ഫണ്ടും കൊടുത്തിട്ടുണ്ട്. 230 അംഗൻവാ(കളുള്ള എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം 150-ൽ കൂടുതൽ അംഗൻവാടിക(കെട്ടാനുള്ള സ്ഥലം ഇപ്പോൾ കൈവശമുണ്ട്. ലോകാരോഗ്യ സംഘടനകളിൽ നിന്നോ, യൂനിസെഫിൽ നിന്നോ, അതുപോലെ ഏതെങ്കിലും വിദേശ ഏജൻസികളിൽ നിന്നോ ഇത്തരം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് സ്വരൂ(ക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അംഗൻവാടികളുടെ നവീകരണവും അതുപോ(കാര്യക്ഷമതയും എല്ലാപേരും കൂടെ ശ്രദ്ധിക്കേണ്ട വിഷയമാണ്. ഒന്നാമത് ഇ(പഞ്ചായത്തിന് വിട്ടുകൊടുത്തിരിക്കുന്നു. പരമപ്രധാനമായി അവരുടെ ശ്രദ്ധ അതി(വേണം. അതുപോലെ ജനപ്രതിനിധികളും അതിൽ ശ്രദ്ധിക്കേണ്ടതാണ്. സന്ന(സംഘടനകൾക്ക് ഒരു പങ്ക് വഹിക്കാം. എല്ലാ പേരും കൂടി നോക്കിയാലേ ഒക്കൂ, സർക്കാരിന്റെ ഫണ്ടാണ് പ്രധാനമായും ആവശ്യമെന്നു പറഞ്ഞാൽ.....അംഗൻവാ(എന്നുപറഞ്ഞാൽ ഒരു കുട്ടിയ്ക്കു വേണ്ട എല്ലാ കാര്യങ്ങളും, സംരക്ഷണവു പഠിപ്പിക്കലും പോഷകാഹാരങ്ങൾ കൊടുക്കലും ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളുമുണ്ട് നേരത്തെ മെമ്പർ പറഞ്ഞതുപോലെതന്നെ ഇത്രയും പ്രധാനപ്പെട്ട സാമൂഹ്യ കട(നിർവ്വഹിക്കുന്ന അംഗൻവാടികളുടെ കാര്യത്തിൽ ഒരു അവഗണന പാടില്ല. പ(പഞ്ചായത്തുകളും, പല സ്ഥലങ്ങളിലെ എം.എൽ.എ.-മാരുടേയുമൊക്കെ ഇന്റർസ്റ്റ് അനുസരിച്ച് കുറച്ചുകൂടി ഇനിഷ്യേറ്റീവ് എല്ലാ പേരും ഇക്കാര്യത്തിൽ എടുക്കുന്നത നല്ലതാണ്. പഞ്ചായത്തുകളെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ഫണ്ട് കിട്ടുന്നതൊക്കെ പലപ്പോഴും പല വഴിക്ക് അങ്ങോട്ടും ഇങ്ങോട്ടും മറിഞ്ഞുപോകുന്നതാക്കെ വിധത്തിത അശ്രദ്ധ വരുന്നുണ്ട്. അത് പാടില്ല. അതാതു നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാ(ഇതൊക്കെ ശ്രദ്ധിക്കണം. ഗവൺമെന്റ് അത് സപ്പോർട്ട് ചെയ്യാൻ തയ്യാറാണ്.

ശ്രീ. രാജു എബ്രഹാം: ലേണിംഗ് ഡിസീസ് ബാധിച്ച കുട്ടികളുടെ എണ്ണം കൃത്യ മായി വർദ്ധിക്കുകയാണ്. ആൽബർട്ട് ഐൻസ്റ്റീന് എഴുതാൻ കഴിയുകയില്ലായിരുന്നു അന്ന് അത് ചുരുക്കമായിരുന്നു. ഇന്ന് സ്ഥിതി മാറി. മഹാരാഷ്ട്ര, കർണ്ണാടക സർക്കാരുകൾ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടി നിയമനിർമ്മാണം നടത്തിയിട്ടുണ്ട് സെക്കന്ററി, ഹയർ സെക്കന്ററി തുടങ്ങിയ തലങ്ങളിൽ ആനുകൂല്യങ്ങൾ നൽകാൻ, ഇത്തര(ത്തിലുള്ള ഒരു നിയമ നിർമ്മാണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതിന്റെ ആവശ്യവും അതിന്റെ പ്രായോഗികതയും പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: കുട്ടികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഏറ്റവും പധാനപ്പെട്ട പ്രോജക്ടുകളിൽ ഒന്നാണ് നെഹ്റു ബാലഭവൻ. നമ്മുടെ സംസ്ഥാനത്ത് ല ജില്ലാ ആസ്ഥാനങ്ങളിലും നെഹ്റു ബാലഭവൻ വളരെ നല്ല നിലയിൽ പ്രവർത്തി ുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ാവശ്യമാണ്. സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് വേണ്ടിയുള്ളതാണ് നഹ്റു ബാലഭവൻ. എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടേയും എം. പി.-മാരുടേയും പ്രാദേശിക വികസന ഫണ്ട് കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ാമൂഹ്യക്ഷേമ വകുപ്പ് പ്രത്യേകം താൽപര്യമെടുത്ത് ബാലഭവൻ സ്ഥാപിക്കുന്നതിന് വണ്ടിയുള്ള സ്കീം തയ്യാറാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഒരു സ്കീം എന്നുള്ള നിലയിൽ ഇപ്പോൾത്തന്നെ ല പദ്ധതികളുമുണ്ട്. അതിന്റെ പരിധിയിൽ വരാത്തതരത്തിൽ നീഡുണ്ടോ എന്നുള്ള കാര്യം ആലോചിക്കാം.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ശിശുക്ഷേമത്തെ മുന്നിൽ കണ്ടുകൊണ്ടാണല്ലോ അംഗൻവാടികളുടെ പ്രവർത്തനങ്ങൾ രാജ്യവ്യാപകമായി നടപ്പാക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചത്. അംഗൻവാടി ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡ മൊന്നും ഇപ്പോഴില്ല. അംഗൻവാടികളിലെ ടീച്ചർമാരേയും ഹെൽപ്പർമാരേയും യാതൊരു മാനദണ്ഡവുമില്ലാതെയാണ് തെരഞ്ഞെടുക്കുന്നത്. ഇവരാണ് കുട്ടികളെ പരിരക്ഷിക്കുന്നത്. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ടീച്ചർമാർക്കും ഹെൽപ്പർമാർക്കും കുട്ടികളുടെ ആരോഗ്യസംരക്ഷണം, അവരുടെ ആഹാരം ഇതൊക്കെ ക്രമീകരിക്കുന്നതിനു വേണ്ടിയുള്ള സമഗ്രമായ പരിശീലനം കൊടുക്കുന്നതിനു ഒരു പരിശീലന പരിപാടി കേരളത്തിൽ വ്യാപിപ്പിക്കുന്നതിന് ത്രിതല പഞ്ചായത്തിനെ സഹകരിപ്പിച്ചുകൊണ്ട് സംഘടിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമുണ്ട്. സംവിധാനവുമുണ്ട്. ഇപ്പോൾത്തന്നെ ട്രെയിനിംഗ് കൊടുക്കാനുള്ള പരിപാടികളുമുണ്ട്. കാര്യക്ഷമമാക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. പി. എസ്. സുപാൽ: ഒരു ഭാഗത്ത് കുട്ടികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ മറുഭാഗത്ത് കുട്ടികളെ ചൂഷണം ചെയ്യുന്നത് വർദ്ധിച്ചു വരികയാണ്. ബാലവേല, ഭിക്ഷാടനം ഇത് ഒരു വലിയ സാമൂഹ്യ വിപത്തായി നമ്മുടെ സംസ്ഥാനത്ത് മാറിക്കൊണ്ടിരിക്കുകയാണ്. ഭീതിജനകമായ വാർത്തകളാണ് വന്നു കൊണ്ടിരിക്കുന്നത്. നിയമത്തിന്റെ അഭാവമൊന്നുമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ എത്രമാത്രം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരം കേസുകൾ ഏതെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് നിയമം നടപ്പിലാ ക്കുവാൻ കർശനമായ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നടപടി സ്വീകരിച്ച ധാരാളം കേസുകളുണ്ട്. ഈ സംസ്ഥാനത്ത് 6 ജുവനൈൽ ഹോമുകളിലായി അവരെ പാർപ്പിക്കുന്നു. അങ്ങനെയുള്ള കേസുകൾ ധാരാളമുണ്ട്. ഇവർക്ക് പഠന സൗകര്യം ഏർപ്പെടുത്തുക, സമർത്ഥരായ കുട്ടികളെ, റസിഡൻഷ്യൽ സ്കൂളുകളിൽ ചേരാനും, സമൂഹത്തിൽ ഇതര കുട്ടികളുമായി

സമ്പർക്കം പുലർത്താനുമുള്ള പല പരിപാടികളും നടപ്പിലാക്കുന്നുണ്ട്. പലപ്പോഴ അയൽ സംസ്ഥാനങ്ങളിൽ നിന്നൊക്കെ വരുന്ന കുട്ടികളാണ് നമ്മുടെ സംസ്ഥാനത്ത അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികളുടെ കൂട്ടത്തിൽ അധികവും കാണുന്നത എന്നാലും മാനുഷിക പരിഗണന വച്ച് ഈ പറഞ്ഞ കാര്യങ്ങളൊക്കെ ചെയ്ത വരുന്നുണ്ട്.

<u>ശ്രീ. കെ. കെ. ഷാജു:</u> ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷ നടപ്പാക്കിയ ജനക്ഷേമ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഒരു കപ്പ് പാല ഷേയ്ക്ക് ഹാന്റും പദ്ധതി. ഇത് നടപ്പാക്കുന്നത് മിൽമാ ബൂത്തുകളിലൂടെയും ക്ഷീ സംഘങ്ങളിലൂടെയുമാണ്. മിൽമാ ബൂത്ത് പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത ക്ഷീര സംഘങ്ങളിലുള്ള പാലാണ് ഗ്രാമപ്രദേശങ്ങളിൽ ഉപയോഗിക്കുന്നത്. അതാ മാസം ക്ഷീര സംഘങ്ങൾക്ക് പണം കൊടുക്കാത്തതുകൊണ്ട് കുടിശ്ശിക താങ്ങാ നിർവ്വാഹമില്ലാതെ പലപ്പോഴും അത് നിർത്തിവയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ ഇതിനുവേണ്ടി മാറ്റിവച്ചിട്ടുള്ള പണം ക്ഷീര സംഘങ്ങൾക്ക് അതാത് മാസംതന നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ഈ പദ്ധതി വളരെ പ്രധാനപ്പെട്ട ഒന്നാണ് കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരക്കുറവുണ്ട്. അതുകൊണ്ട് ഒര കപ്പ് പാൽ കൊടുക്കുവാൻ കഴിഞ്ഞാൽ അത് വലിയ കാര്യമാണ്. മറ്റ് ഭക്ഷണങ്ങളിലുള്ള സമീകൃത ഘടകങ്ങളുടെ കുറവ് ഒരു കപ്പ് പാൽകൊണ്ട് പരിഹരിക്കുവാനാകും അതുകൊണ്ട് ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. പാൽ എടുത്തുകൊണ്ട വരുന്നതിനുള്ള ഡിസ്റ്റൻസ്, സമയത്ത് പാൽ കൊടുക്കാതിരിക്കുക തുടങ്ങിയ അഡ്മിന സ്ട്രേറ്റീവ് പ്രോബ്ലംസുണ്ട്. ഇപ്പോൾ കുറെ നന്നായി നടക്കുന്നുണ്ട്. കുറച്ചുകൂട സാമ്പത്തിക സഹായം വേണ്ടിവരും. ഫൈനാൻസിനുവേണ്ടി അഗ്രികൾച്ചറ ഡിപ്പാർട്ടുമെന്റും സാമൂഹ്യക്ഷേമ വകുപ്പും യോജിച്ച് നടപടികൾ സ്വീകരിക്കും.

<u>ശ്രീ. കെ. ബാബു:</u> സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെ എന്തെങ്കിലും ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് നടപടി സ്വീകര ച്ചോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ചില ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. ആ ആക്ഷേ പങ്ങളെ സംബന്ധിച്ച് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് അന്വേഷണം നടത്തിയിട്ടുണ്ട്. ഇപ്പോൾ അവരുമായി കാര്യങ്ങൾ ക്രമീകരിച്ചുവരികയാണ്. ചില നല്ല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സർക്കാർ ഇടപെട്ട് അവരുടെ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചു എന്നുള്ള അപഖ്യാതി ഉണ്ടാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കാത്തതുകൊണ്ട് അവരുമായി സംസാരിച്ച് കാര്യങ്ങൾ ശരിയാക്കിവരികയാണ്.

<u>ശ്രീ. കെ. പി. മോഹനൻ:</u> കേരളത്തിലെ അംഗൻവാടികളിൽ ഭൂരിഭാഗവും പ്രവർത്തി ക്കുന്നത് നല്ല നിലയിലാണ്. അംഗൻവാടി ഹെൽപ്പർമാരുടേയും വർക്കർ മാരുടേയും നല്ല പരിശ്രമത്തിന്റെ ഫലമായാണ്. സ്വന്തം മക്കളെപ്പോലെയാണ് കുട്ടികളെ പരിപാലിക്കുന്നത്. എന്നാൽ അതിനുള്ള സൗകര്യമില്ല. ഇവിടെ സൂചിപ്പിച്ചപ്പോലെ പല

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങളും കുടുസ്സായ കെട്ടിടങ്ങളാണ്. വളരെ ചെറുതാണ്. അതുകൊണ്ട് വിശാലമായ കെട്ടിടം ഉണ്ടാക്കുവാനും, ശുദ്ധജലം തുടങ്ങിയ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് കൊടുക്കുവാനും വേണ്ട നടപടി സ്വീകരിക്കുവാൻവേണ്ടി കൂടുതൽ ഫണ്ട് അനുവദിക്കുവാൻ മന്ത്രി തയ്യാറാകണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആയിരം കുട്ടികൾക്ക് ഒരു സെന്റർ. 24000 സെന്ററു കളിലൂടെ അഞ്ചെട്ട് ലക്ഷം കുട്ടികൾക്ക് പ്രയോജനം, അമ്മമാർക്ക് പ്രയോജനം, ഒരു നേരത്തെ ഭക്ഷണം കഴിക്കുവാൻ വേണ്ടി മുലയൂട്ടുന്ന അമ്മമാർ കുട്ടികളെയുംകൊണ്ട് ഈ സെന്ററുകളെ ആശ്രയിക്കുന്ന പതിവുണ്ട്. അങ്ങനെ ഇത്രയും പ്രധാനപ്പെട്ട, സമൂഹ ത്തിലെ ഏറ്റവും വലിയ കടമ നിർവ്വഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കേന്ദ്ര സഹായം കൊണ്ടാണ് നിൽക്കുന്നത്. ഇപ്പോൾ പഞ്ചായത്തിനു വിട്ടുകൊടുത്തിരി ക്കുകയാണ്. അതിന്റെ കാര്യക്ഷമതയിൽ യാതൊരു കോംപ്രമൈസും ചെയ്യാത്ത നിലയിൽ ആകണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. കൂടുതൽ കാര്യക്ഷമതയുണ്ടാക്കണമെന്ന കാര്യത്തെകുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. ഉമേഷ് ചള്ളിയിൽ: സമ്പന്നരുടെ മക്കൾ ആധുനിക പ്ലേ സ്കൂളിലും കിന്റർ ഗാർട്ടനുകളിലും പഠിക്കുന്നു. ഇവിടെ നഴ്സറി തലം മുതൽതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യപാഠം അഭ്യസിപ്പിക്കുന്നു. എന്നാൽ അംഗൻവാടികളിൽ കുട്ടികൾക്ക് ഇരുന്നു പഠിക്കുവാനുള്ള സൗകര്യം ഇല്ലാത്ത അവസ്ഥയാണ്. പല അംഗൻവാടികളിലും കുട്ടികൾക്ക് കസേരയോ ബഞ്ചോ കളിക്കുവാനുള്ള ഉപകരണ ങ്ങളോ ഇല്ല. സാധാരണ കുട്ടികളുടെ ആശ്വാസകേന്ദ്രമായ അംഗൻവാടികളിൽ ആവശ്യ മായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും അവിടത്തെ പ്രാഥമിക വിദ്യാഭ്യാസ ഘട്ടത്തിൽ നഴ്സറിപാട്ടുകൾ പഠിപ്പിക്കുന്നതിനും അവയുടെ നിലവാരം വർദ്ധിപ്പിക്കു വാനും ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർക്കാർ നടപടികൾ സ്വീകരിക്കാം. കേന്ദ്ര സംസ്ഥാന സഹായങ്ങളൊക്കെ സ്റ്റാന്റേർഡ് സഹായങ്ങളാണ്. പക്ഷേ നമുക്ക് എല്ലാ പേർക്കുംകൂടി അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. എം. എൽ. എ. ഫണ്ട് ഉണ്ട്. സന്നദ്ധ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാം. ആധുനിക സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കാൻവേണ്ടി ഇംഗ്ലീഷ് വിദ്യാഭ്യാസം, കമ്പ്യൂട്ടർ വിദ്യാഭ്യാസം അങ്ങനെയുള്ള പുതിയ പദ്ധതികൾ വന്നിട്ടുണ്ട്. അതൊക്കെ വ്യാപക മാക്കാൻ സമയം എടുക്കും. അല്ലാതെതന്നെ കേരളത്തിൽ കുറെയൊക്കെ ഇതിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സന്നദ്ധ സംഘങ്ങളും ജനപ്രതിനിധികളും ഒക്കെ വിചാരിച്ചാൽ സാധിക്കും. നമുക്ക് എല്ലാ പേർക്കും കൂടി കൂട്ടായി ശ്രമിക്കാം.

ശ്രീ. തോമസ് ഉണ്ണിയാടൻ: കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ പാർലമെന്റിൽ എം.ടി.പി. ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. ആ ഭേദഗതിയിലൂടെ വരുത്തിയ മാറ്റം നിയമാനുസൃതമല്ലാതെ ഭ്രൂണഹത്യ നടത്തുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും നോൺ ബെയ്ലബിൾ ഒഫൻസിൽ ശിക്ഷിക്കുക എന്നതാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭ്രൂണഹത്യയിലൂടെ കുട്ടികളെ കൊല്ലുന്നത്

LIBRARY-ARCHIVES Kerala Legislative Assembly

മാത്രമല്ല, അമ്മമാർക്ക് ഉണ്ടാകുന്ന മാനസിക-ശാരീരിക ആവശ്യംകൂടി മനസ്സിലാക്കി കൊണ്ടാണ് കേരളത്തിൽ 651 സ്ഥാപനങ്ങൾ ഇങ്ങനെ പ്രവർത്തിക്കുന്നുണ്ടെന്ന് റിപ്പോർട്ടുണ്ട്. ഭേദഗതി ചെയ്യപ്പെട്ട നിയമം സംബന്ധിച്ച് നമ്മൾ മനസ്സിലാക്കിയിട്ടുണ്ടോ; ആ നിയമം നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കാൻവേണ്ടി സർക്കാർ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കേന്ദ്രനിയമവും അതിനെത്തുടർന്ന് സാധ്യമായ നടപടികളും പരിശോധിച്ചിട്ടില്ല. എനിക്ക് അതിനെക്കുറിച്ച് ഇപ്പോൾ അറിഞ്ഞുകൂടാ. നേരത്തെ പറഞ്ഞതുപോലെ ഇതൊരു സാമൂഹിക പ്രോബ്ലമാണെന്നുണ്ടെങ്കിൽ, അങ്ങനെയുള്ള കേസ്സുകൾ റിപ്പോർട്ടു ചെയ്യുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കാം. കേന്ദ്ര ആക്ട് സംബന്ധിച്ച പ്രായോഗികത നമുക്ക് പരിശോധിക്കാം.

• ശ്രീ. എൻ. ശക്തൻ: നമ്മുടെ സംസ്ഥാനത്ത് ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി വളരെ പ്രയോജനം ചെയ്യുന്നതാണ്. പക്ഷേ മിൽമാ ബൂത്തുകളുള്ള സ്ഥലത്തു മാത്രമേ പാൽ വിതരണം നടത്തുന്നുള്ളൂ. ഗ്രാമപ്രദേശങ്ങളിൽ മിൽമാ ബൂത്ത് ഇന്ന് ഇല്ലാത്തതുകൊണ്ട് അവിടെ പാൽ വിതരണം നടത്തുന്നില്ല. സ്വകാര്യ മേഖലയിലെ മറ്റ് സ്ഥാപനങ്ങൾ ഈ പ്രദേശത്ത് പാൽ വിതരണം നടത്താൻ തയ്യാറാണെങ്കിൽ അവർക്ക് അതിനുള്ള അനുവാദം നൽകാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ: എം. എൽ. എ.-മാർക്ക് ഇതിന്റെ നടത്തിപ്പിന്റെ മുഴുവൻ ചുമതലയും കൊടുത്തുകൊണ്ട് ഒരു സർക്കുലർ പോയിട്ടുണ്ട്. അവരെ പങ്കെടുപ്പിച്ച് നടപ്പിലാക്കുവാൻ ഇതുവരെ കഴിയാത്തതുകൊണ്ട് അത് ഫലപ്രദമായി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. പലപ്പോഴും ഇങ്ങനെയുള്ള പ്രശ്നം ഉണ്ടാകുന്നുണ്ട്.

ശ്രീ. യു. സി. രാമൻ: അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമപ്രവർത്തനങ്ങളിൽ ഇപ്പോഴും മുൻപന്തിയിൽനിന്ന് പ്രവർത്തിക്കുന്നത് അംഗൻവാടികൾ തന്നെയാണ്. പഞ്ചായത്തുകളിൽ ഒരു വാർഡിൽ ഒരു അംഗൻവാടി നിർബന്ധമായും ഉണ്ടാകണം. ഇപ്പോൾ ആ രൂപത്തിലില്ല. ആ രീതിയിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അംഗൻവാടി ഇല്ലാത്ത സ്ഥലത്ത് നിവേദനം തന്നാൽ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. തോമസ് ചാഴികാടൻ: ഇവിടെ അംഗൻവാടി കെട്ടിടങ്ങളുടെ സാഹചര്യത്തെ കുറിച്ച് പലതവണ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ കെട്ടിടം പണിയാനായി ലോക ബാങ്കിന്റെ സഹായത്തോടെ ഒരു ലക്ഷം രൂപ കൊടുക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറായിട്ടുണ്ട്. പക്ഷേ പഞ്ചായത്തുകൾ ഇതിന് ആവശ്യമായ സ്ഥലം കൊടുക്കാത്തതുകൊണ്ടാണ് മിക്കവാറും സ്ഥലങ്ങളിൽ ഈ കെട്ടിടങ്ങൾ പണിയാൻ കഴിയാതെ പോയത്. എം.എൽ.എ. ഫണ്ടിൽനിന്നും വസ്തു വാങ്ങാനുള്ള അനുവാദമില്ല. ഈ റൂൾസ് അമന്റു ചെയ്ത് അംഗൻവാടി കെട്ടിടം പണിയുവാൻ സ്ഥലം വാങ്ങാനുള്ള പെർമിഷന് സാമൂഹ്യക്ഷേമ വകുപ്പ് നിർദ്ദേശം വയ്ക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് നടക്കാത്ത കാര്യമല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് വലിയ പ്രശ്നമാണ്. ചില പഞ്ചായത്തുകൾ സ്ഥലം കൊടുക്കുന്നതിന് ഉൽസാഹം കാണിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. അത് മോണിറ്റർ ചെയ്ത് മുന്നോട്ടുപോകാം.

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സഹായ പദ്ധതികൾ

*2 [T902] ശ്രീ. സാജു പോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. വി. കെ. സി. മമ്മത്കോയ:

„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽനിന്നും ഇതിനകം എന്തു തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി;

(സി) സംസ്ഥാനം എത്ര പദ്ധതികളാണ് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുള്ളത്;

(ഡി) കേരളത്തിന് ഭക്ഷ്യപാർക്ക് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഭക്ഷ്യസംസ്കരണ പദ്ധതിക്ക് സംസ്ഥാനം മുൻവർഷവും ഈ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്ര; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി;

(എഫ്) ഭക്ഷ്യ സംസ്കരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ഏടുക്കേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഭക്ഷ്യ സംസ്കരണ മേഖലയിലെ വ്യവസായ സംരംഭകർക്ക് നവീന സാങ്കേതിക വിദ്യയും ധനസഹായവും എത്തിച്ചു കൊടുക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന ഉദ്ദേശം. ഭക്ഷ്യ സംസ്കരണ മേഖലയിലെ പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസിയായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമലപ്പെടുത്തിയിട്ടുണ്ട്. കിൻഫ്രയുടെ കീഴിൽ മലപ്പുറത്ത് കാക്കഞ്ചേരിയിൽ ഒരു ഭക്ഷ്യ സംസ്കരണ പാർക്ക് പ്രവർത്തിച്ചു വരുന്നു. കൂടാതെ, കിൻഫ്രയുടെ മഴുവന്നൂരിലും വയനാട്ടിലുമുള്ള ചെറുകിട വ്യവസായ പാർക്കുകളിൽ ഭക്ഷ്യസംസ്കരണ വ്യവസായത്തിനുള്ള പ്രത്യേക അടിസ്ഥാന സൗകര്യവും വികസിപ്പിച്ചുവരുന്നു. ഭക്ഷ്യസംസ്കരണ വ്യവസായ ഉല്പന്നങ്ങളുടെ നിലവാരം പരിശോധിക്കാൻ HACCP സർട്ടിഫിക്കേഷനുവേണ്ടി ഒരു നാഷണൽ സെന്ററും സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly